# സന്താപത്തിൽ നിന്നും
# സന്തോഷത്തിലേക്ക്


## ഡോട്ടി ഡ്യൂക്ക്


വ്യക്തിപരമായ ജീവിതത്തെയും ദാമ്പത്യജീവിതത്തെയും
ദൈവം എപ്രകാരം രൂപാന്തരപ്പെടുത്തിയെന്ന് ബഹിരാകാശ
സഞ്ചാരിയായ ചാർളി ഡ്യൂക്കിന്റെ
ഭാര്യ പങ്കുവയ്ക്കുന്നു.


DOMA PUBLICATIONS

**ഡോമാ പബ്ളിക്കേഷൻസ്**

എം. ഇ. എസ്. കോംപ്ളക്സ്, കലൂർ, കൊച്ചി- 17

"നീ എന്റെ വിലാപത്തെ എനിക്ക് നൃത്തമാക്കി തീർത്തു; എന്റെ രട്ടു നീ അഴിച്ചു എന്നെ സന്തോഷം ഉടുപ്പിച്ചിരിക്കുന്നു. ഞാൻ മൌനമായിരിക്കാതെ നിനക്ക് സ്തുതി പാടേണ്ടതിന് തന്നെ. എന്റെ ദൈവമായ യഹോവേ, ഞാൻ എന്നേക്കും നിനക്ക് സ്തോത്രം ചെയ്യും"

(സങ്കീർത്തനം 30:11,12)

# SANTHAPATHIL NINNUM SANTHOSHATHILEKKU

*(Malayalam)*

**Translated from**

**FROM SADNESS TO JOY**

**Dotty Duke**

**All rights reserved**

No part of this publication may be
reproduced or transmitted in any form or by any means,
electronical, including photocopying, recording, or
any information storage and retrieval system,
without permission in writing from the IET

**ISBN : 81-7740-008-8**

**Published in India by**

**DOMA PUBLICATIONS**

**M.E.S Complex**

**Kaloor, Kochi - 17**

**Kerala**

**Ph: 401008, e-mail : domapublications@hotmail.com**

Price: Rs. 18 /-

# അവതാരിക

കർത്താവിൽ പ്രിയരെ,

"ആകയാൽ എന്റെ വചനങ്ങളെ കേട്ടു ചെയ്യുന്നവൻ ഒക്കെയും പാറമേൽ വീടു പണിത ബുദ്ധിയുള്ള മനുഷ്യനോടു തുല്യനാകുന്നു" (മത്താ.7:24) എന്നരുളിച്ചെയ്ത യേശുക്രിസ്തുവിന്റെ നിസ്തുല്യ നാമത്തിൽ സ്നേഹവന്ദനം!

ലോകത്തിലെ ഏറ്റവും ധനികരായ ഏഴുപേർ 1923-ൽ ഒന്നിച്ചുകൂടി. അവർ ഏഴുപേരുടെ സമ്പത്ത് ഒന്നിച്ചുകൂട്ടിയാൽ അന്നത്തെ അമേരിക്കൻ സർക്കാരിന്റെ മൊത്തം മൂലധനത്തേക്കാൾ കൂടുതലായിരുന്നു. ഈ മനുഷ്യർക്ക് പണമുണ്ടാക്കുവാനും പണം സമ്പാദിക്കുവാനും അറിയാമായിരുന്നു. പക്ഷേ 25 വർഷത്തിനുശേഷം ഇവരെപ്പറ്റി ചരിത്രം എന്തു പറയുന്നുവെന്നു നോക്കാം.

1. ചാൾസ് സ്ക്വാബ് : ഏറ്റവും വലിയ ഉരുക്കുകമ്പനിയുടെ ഉടമസ്ഥനായിരുന്നു. അവസാനത്തെ അഞ്ചുവർഷം കടം വാങ്ങി പാപ്പരായി മരിച്ചു.

2. ഹവാർഡ് ഹബ്സൺ : ഏറ്റവും വലിയ പെട്രോൾ കമ്പനി ഉടമസ്ഥനായിരുന്നു. ഭ്രാന്തനായി മാറി.

3. ആർതർ കട്ടൺ : കച്ചവടപ്രഭുവായിരുന്നു. നിർദ്ധനതയിലായി മരിച്ചു.

4. റിച്ചാർഡ് വൈറ്റ്റി : ന്യൂയോർക്ക് സ്റ്റോക്ക് എക്സ്ചേഞ്ച് പ്രസിഡന്റായിരുന്നു. ജയിലിൽ അടയ്ക്കപ്പെട്ടു.

5. ആൽബർട്ട് ഫാൾ : പ്രസിഡന്റിന്റെ ക്യാബിനറ്റ് അംഗമായിരുന്നു. ജയിലിൽ അടയ്ക്കപ്പെട്ടു. ഒടുവിൽ വീട്ടിൽപ്പോയി സമാധാനമായി മരിക്കുവാൻ മാപ്പ് ലഭിച്ചു.

6. ജസ്സി ലിവർമോർ : അമേരിക്കയിലെ ബിസ്സിനസ് കേന്ദ്രമായ വാൾസ്ട്രീറ്റിലെ സിംഹം എന്നറിയപ്പെട്ടിരുന്നു. ഒടുവിൽ ആത്മഹത്യ ചെയ്തു.

7. ഐവാർ ക്രൂഗർ : ബാങ്ക് ഓഫ് ഇന്റർനാഷണൽ സെറ്റിൽമെന്റ്

ഉടമസ്ഥനായിരുന്നു. ആത്മഹത്യയിൽ ജീവിതം അവസാനിപ്പിച്ചു.

പണം ഉണ്ടാക്കുവാൻ പഠിച്ചെങ്കിലും, ജീവിക്കുവാൻ പഠിച്ചെങ്കിലും, ജീവിതം വിജയകരമായി കെട്ടിപ്പടുക്കുവാൻ ഇവർ ഇതിനിടെ ശ്രമിച്ചില്ല എന്നതാണ് ഈ ചരിത്രം വ്യക്തമാക്കുന്നത്.

കാര്യങ്ങൾ അവതാളത്തിലായപ്പോൾ രക്ഷപ്പെടുവാൻ ശ്രമിച്ചിരിക്കാം. പക്ഷേ, അപ്പോഴേയ്ക്കും വളരെ താമിസിച്ചു പോയിരിക്കാം!

ഇന്നും പണമുള്ള നാട്ടിലെ കോടീശ്വരന്മാരെ ശ്രദ്ധിച്ചാൽ ഇതേ സത്യം മനസ്സിലാകും. പണമുണ്ടാക്കുവാൻ ഓടിനടക്കുന്നു. കഠിനാദ്ധ്വാനം ചെയ്യുന്നു. രാത്രിയും പകലും പ്രവർത്തിക്കുന്നു. മക്കൾ ഉറങ്ങുമ്പോൾ ജോലിക്കു പോകുന്നു. മക്കൾ ഉറങ്ങിക്കഴിയുമ്പോൾ ജോലികഴിഞ്ഞു വരുന്നു. അതല്ലെങ്കിലും കൂട്ടുകാരും നാട്ടുകാരുമായി ഗൗരവമായ കാര്യങ്ങളിൽ ഇടപെടുമ്പോൾ മക്കൾ അവരുടെ മുറിയിൽ ടെലിവിഷനോ അതല്ലെങ്കിൽ അവരുടെ കൂട്ടുകാരുടെ ലോകത്തിലോ കഴിയുന്നു. ഭാര്യ അവളുടെ ലോകത്തിലും. ഒടുവിൽ പരമാർത്ഥം മനസ്സിലാകുന്നു. ബാങ്ക് ബാലൻസിന്റെ അക്കങ്ങൾ കൈയിലെ പാസ് ബുക്കിൽ കൂടിക്കൂടി വന്നപ്പോൾ പ്രിയപ്പെട്ടതെന്നു കരുതിയിരുന്ന പലതും കൈവിരലുകൾക്കിടയിലൂടെ അറിയാതെ തന്നെ ചോർന്നുപോയി. പ്രിയപ്പെട്ടവരെന്നു കരുതിയിരുന്ന ഭാര്യയ്ക്കും മക്കൾക്കും പണവും ജീവിതസൗകര്യങ്ങളും പേരും സന്തോഷവും നല്കിയെങ്കിലും സംതൃപ്തി മാത്രം നല്കിയില്ല. അതുകൊണ്ട് അവർ സംതൃപ്തി തരുന്ന കൂട്ടുകാരെ തേടിപ്പോയപ്പോൾ ജീവിത മൂല്യങ്ങൾ നഷ്ടപ്പെട്ടു. ചിലർ മുസ്ലീങ്ങളെയും ഹിന്ദുക്കളെയും ദൈവമില്ലാത്തവരെയും ജീവിതപങ്കാളികളായി സ്വീകരിച്ച് സത്യവിശ്വാസത്തിന്റെ സമൂഹത്തിൽ നിന്നും ഒളിച്ചോടി. 'മരണം വരെ പിരിയുകയില്ല' എന്നു വാക്കുപറഞ്ഞവൾ ജീവിതം കൊടുക്കുവാൻ തയ്യാറായവനെ തേടി പോയി. ഒടുവിൽ അദ്ദേഹം മനസ്സിലാക്കി – താൻ ഏകനാണ്! നിരാശനാണ്! സംതൃപ്തിയില്ലാത്തവനാണ്! പരാജിതനാണ്! അങ്ങനെ കള്ളിലും കഞ്ചാവിലും അഭയം തേടുന്നു. ഇടയ്ക്കെവിടെയോ മറന്നുപോയ ആത്മികബന്ധം പുതുക്കാതെയിരുന്നതിനാൽ ദൈവത്തെ വിളിച്ചിട്ടും മറുപടിയില്ല.

ഇവിടെയാണ് ഞാൻ മുകളിലെഴുതിയ ഏഴുപേരുടെ ദുരന്തങ്ങളെപ്പോലെ, ദുരന്തനാടകം കണക്കെ പലരുടെയും ജീവിതം അവസാനിക്കുന്നത്.

ഇതു വായിക്കുന്ന ചിലരുടെയെങ്കിലും ഹൃദയത്തിൽ പണമാണ് ഈ ദുരന്തത്തിനു കാരണമെന്ന് ചിന്തിക്കുന്നുണ്ടാകാം. അല്ല, പണമല്ല; അങ്ങനെ ചിന്തിച്ചാൽ ഭോഷത്വമാണ്. പണം നല്ലതാണ്. സൂക്ഷിച്ചും ദൈവത്തിന്റെ കല്പന വിടാതെയും പണം സമ്പാദിക്കാവുന്നത്രയും സമ്പാദിക്കുക (സദൃ. 10:22 ശ്രദ്ധിക്കുക). നിങ്ങൾക്കും ദൈവവേലക്കാർക്കും (എനിക്കുൾപ്പെടെ) ബന്ധുക്കൾക്കും ദരിദ്രർക്കും നാട്ടുകാർക്കുമെല്ലാം പണം പ്രയോജനമുള്ളതാണ്. പണംകൊണ്ടു മാത്രമേ നിങ്ങൾക്ക് കൊടുക്കൽ വാങ്ങൽ നടത്തുവാൻ കഴിയുകയുള്ളു. നിങ്ങൾക്ക് എത്രയധികം പണമുണ്ടോ അത്രയും നിങ്ങളുടെ വേണ്ടപ്പെട്ടവരെയും ആവശ്യക്കാരെയും സഹായിക്കുവാൻ കഴിയും. നിങ്ങൾക്ക് എത്രയും കുറച്ചു മാത്രമേ പണമുള്ളോ അത്രയും കുറച്ചുമാത്രമേ ഇതൊക്കെ ചെയ്യുവാനും കഴിയുകയുള്ളു. അതിനാൽ പണം നല്ലതാണ്. പണമല്ല ദോഷക്കാര്യം. അതിനുവേണ്ടിയുള്ള ആർത്തിയും പണം ശരിയായി കൈകാര്യം ചെയ്യാനറിയാത്തതുമാണ് അപകടം. ധനസ്നേഹത്തിനിടയിൽ മറ്റുള്ളവർക്കു കൊടുക്കേണ്ട സ്നേഹം കൊടുക്കാതെ, അതുകൂടി ധനത്തിന് കൊടുക്കുമ്പോൾ ഇവരറിയാതെ അടിത്തറകൾ ഇടിഞ്ഞുപൊളിഞ്ഞു പോകുന്നു.

അതിനാൽ ഞാൻ, ധനസമ്പാദനത്തിൽ ശ്രദ്ധ വയ്ക്കുന്നവരോട് (കൊച്ചുജോലിയോ കൊച്ചുബിസ്സിനസ് മുതൽ വലിയ ഉദ്യോഗസ്ഥന്മാരോടും വലിയ കോടീശ്വരന്മാരോടും) ഒരു വാക്കിൽ ഉപദേശിക്കട്ടെ; നിങ്ങൾ പണം സമ്പാദിക്കുക. ന്യായമായ രീതിയിൽ കഴിയുന്നത്ര ധനം സമ്പാദിക്കുക. പക്ഷേ, ഇതിനിടയിൽ മുൻഗണന തെറ്റിപ്പോകരുത്.

● നമ്മുടെ മുൻഗണനയിൽ ദൈവം ഒരിക്കലും രണ്ടാമനാകരുത്. വേദപുസ്തകം വായിക്കുക. പ്രാർത്ഥിക്കുക. ആരാധനയിൽ സംബന്ധിക്കുക. ഒരു ആത്മീക പ്രസംഗമെങ്കിലും ആഴ്ചയിൽ ആരാധനകൂടാതെ കേൾക്കണം. പുസ്തകം വായിക്കാം.

ടേപ്പ് കേൾക്കാം (കാറിൽ യാത്ര ചെയ്യുന്നവർ റേഡിയോയിലെ പ്രസംഗം കേൾക്കുക. ടേപ്പുകൾ കേൾക്കുക).

● പാപത്തിൽ നിന്നും അകന്നു നില്ക്കുക. പ്രസംഗങ്ങൾ കേൾക്കുമ്പോൾ, ഏതെങ്കിലുമൊരു പാപത്തെപ്പറ്റി പറയുമ്പോൾ ദേഷ്യം വരാറുണ്ടോ ? എങ്കിൽ ഹൃദയത്തിലെവിടെയോ ആ പാപത്തിനു വേരുണ്ടെന്നർത്ഥം.

● കുടുംബബന്ധങ്ങൾക്ക് രണ്ടാം സ്ഥാനമുണ്ടായിരിക്കണം. ഭാര്യയ്ക്ക് വലിയ വീടും വലിയ ഫ്രിഡ്ജും വലിയ കാറും വെളുത്ത പട്ടിയും മാന്യമായ വസ്ത്രവും നല്ല ആഹാരവും ജോലിക്കാരും ഇഷ്ടമാണ്. പക്ഷേ, അവൾക്ക് തൃപ്തി നല്കുവാൻ ഇവയ്ക്കു കഴിയുകയില്ല. അവൾക്കത്യാവശ്യം സ്നേഹിക്കുന്ന, കരുതുന്ന, കുഞ്ഞുങ്ങൾക്ക് നല്ല അപ്പനും, തനിക്കു ഭർത്താവുമായ ജീവിതപങ്കാളിയെയാണ്. അവൾക്കതു നല്കുക. വീടിന്റെ പുരോഹിതനായ ഭർത്താവ് തന്റെ ചുമതല ചെയ്തു തീർക്കുമ്പോഴാണ് അതു സംഭവിക്കുന്നത്. അല്ലാതെയാകുമ്പോൾ, ആത്മികവും ശാരീരികവും മാനസികവുമായ ബന്ധങ്ങൾ ഉലയുന്നു, വിള്ളലുണ്ടാകുന്നു, വലിയുന്നു, പൊട്ടിത്തകരുന്നു. അതുണ്ടായിട്ട് പരിഹാരം തേടിപ്പോയാൽ ഫലവത്താകുകയില്ല. പഴമക്കാർ പറയും 'ഏച്ചുവച്ചാൽ മുഴച്ചിരിക്കും'. ആ പാടുകൾ നിലനിൽക്കും.

ഇതിന്റെ അർത്ഥം, എപ്പോഴെങ്കിലും ഒരാൾ തന്റെ ഭോഷത്വം മനസ്സിലാക്കിയാൽ, ഭാര്യയെയോ മക്കളെയോ താൻ അവഗണിച്ചെന്നു മനസ്സിലാക്കിയാൽ പരിഹാരം തേടരുതെന്നാണോ ? അല്ല. തെറ്റു മനസ്സിലാക്കുമ്പോൾ എത്രയും നേരത്തെ വീട്ടുകാരുമായി ഒന്നിച്ചിരുന്ന് തെറ്റു സമ്മതിച്ച് എന്തു തിരുത്തലുകൾ വരുത്തണമെന്നറിയുവാൻ അവരുമായി സംസാരിച്ച് പരിഹാരമാർഗ്ഗങ്ങൾ കണ്ടുപിടിക്കുക. ഒറ്റയ്ക്കൊറ്റയ്ക്ക് സംസാരിക്കുക. ഇതുകൊണ്ടും ആഗ്രഹിക്കുന്ന ഫലം ഉണ്ടാകുന്നില്ലെങ്കിൽ കുടുംബജീവിതത്തെപ്പറ്റി കൗൺസിലിംഗ് നൽകുന്ന ഒരു ക്രിസ്തീയവിശ്വാസിയെ പോയി കാണണം. ആലോചിക്കുമ്പോൾ മടി തോന്നാം. മടിക്കേണ്ട, ഒരു കൗൺസിലർ രഹസ്യങ്ങൾ മറ്റാരോടും പറയുകയില്ല. നിങ്ങളുടെ കുടുംബം തകരുന്നതിനെക്കാൾ, മക്കൾ കാടുകയറുന്നതിനെക്കാൾ ഏറെ നല്ലത്

ഒരു കൗൺസിലറെ നാലഞ്ചു പ്രാവശ്യം പോയി കാണുന്നതാണ്. ക്യാൻസർ വന്നാൽ ഒരുവർഷം ആശുപത്രിയിൽ കയറിയിറങ്ങുകയില്ലേ? താമസിക്കരുത്. സഹായിക്കുവാനും ഉപദേശിക്കുവാനും കഴിവുള്ള വിശ്വാസികളായ ഫാമിലി കൗൺസിലർമാരെ കാണുക.

● ആതുരസേവയിൽ പങ്കെടുക്കുക. ഇത് നമ്മുടെ നാട്ടിൽ അധികമൊന്നും ആരും സഭയിൽ പറയുന്നില്ല. ആതുരസേവ സകലർക്കും ചെയ്യാൻ കഴിയും. അടുത്തുള്ള ആശുപത്രിയിൽ പോയി ആരും സഹായിക്കാനില്ലാത്ത ഒരാളെ, അഞ്ചുപേരെ സഹായിക്കാം. ചായ വാങ്ങിക്കൊടുക്കാം. കടയിൽപ്പോകാം. 'മെ ഐ ഹെൽപ് യു' എന്ന ബാഡ്ജു കുത്തി മെഡിക്കൽ കോളജിന്റെ ഓ.പി.ഡി.ക്കരികെ നില്ക്കാം. വഴി പറഞ്ഞുകൊടുത്ത് കൂടെ നടക്കാം. അഥവാ അഞ്ചാറു പേർ ചേർന്ന് ഒരു വിധവയുടെ വീടു മേഞ്ഞുകൊടുക്കാം. കണ്ണുതുറന്ന് നാലുവശത്തും നോക്കുക. നമുക്കു പലതും ചെയ്യുവാൻ കഴിയും. യേശുവിന്റെ കണ്ണുകളിൽ പെടുന്നവ നിങ്ങളുടെ കണ്ണുകളിലും ഉടക്കി നില്ക്കണം. അതേ, നാം അവന്റെ കണ്ണോടെ ലോകത്തെ നോക്കിയാൽ മതി.

ഒരുദാഹരണം ഓർമ്മ വരികയാണ്. നിങ്ങൾ ചിലപ്പോൾ കേട്ടിരിക്കാം. ഒരു വലിയ വീട്ടിലെ പെൺകുട്ടിയെ ഒരു വലിയ വീട്ടിൽ കെട്ടിച്ചുകൊണ്ടുവന്നു. വലിയ വീട്ടിലെ കുഞ്ഞായതിനാൽ വീട്ടുജോലി ചെയ്ത് പരിചയമില്ലെങ്കിലും ഹോം സയൻസിൽ മാസ്റ്റേഴ്സ് എടുത്ത ആത്മവിശ്വാസം മേഴ്സിയുടെ കൈമുതലായിരുന്നു. അൽപം അഹന്തയും അതിലില്ലാതിരുന്നില്ല. കല്യാണം കഴിഞ്ഞ് അടുത്ത ദിവസം രാവിലെ മരുമകൾ അടുക്കളയിലേക്ക് കയറി ചെന്നപ്പോൾ പുട്ടിന് അരിപ്പൊടി എടുക്കുകയാണ്. മരുമകൾ പറഞ്ഞു: "ഞാൻ പുട്ടു പുഴുങ്ങാമമ്മച്ചി". മോൾക്കറിയാമോ എന്ന് അമ്മച്ചി ചോദിച്ചതിന് മരുമകൾ "പിന്നെ, ഞങ്ങൾ വീട്ടിലുണ്ടാക്കത്തില്ലേ. ഹോം സയൻസ് പഠിച്ചതും അതിനല്ലേ" എന്നും മറുപടി പറഞ്ഞു. അമ്മച്ചി കുളിക്കാനായി പോയി. മരുമകൾ പുട്ട് പുഴുങ്ങി.

അമ്മായിയമ്മ തിരികെ വന്നപ്പോൾ മരുമകൾ നിന്ന് കരയുകയാണ്. അമ്മായിയമ്മ എടുത്തുവച്ച പുട്ടുപൊടിയെല്ലാം

പുട്ടുകുഴലിലൂടെ മകൾ ഇട്ടെങ്കിലും പുട്ടുകുഴൽ നിറഞ്ഞില്ല. അമ്മായിയമ്മയ്ക്ക് കാര്യം മനസ്സിലായി. പുട്ടുകുഴലിലെ 'ചില്ല്' വയ്ക്കുവാൻ കേട്ടു പഠിച്ച മരുമകൾ മറന്നുപോയി. പൊടിയെല്ലാം പുട്ടുകുടത്തിൽ വീണു.

പ്രിയ സുഹൃത്തേ, ജീവിതത്തിൽ എന്തെല്ലാമുണ്ടെങ്കിലും ഡിഗ്രിയുടെമേൽ ഡിഗ്രിയും പണവും പ്രതാപവും കാറും വീടും ബാങ്കിൽ രൂപയും നാട്ടിൽ ബഹുമാനവും ഒക്കെയുണ്ടെങ്കിലും ജീവിതത്തിലെ അതിപ്രധാനമായ ഒന്നില്ലെങ്കിൽ സകലവും വിരലുകൾക്കിടയിലൂടെ ചോർന്നുപോകുകയാണ്. എത്തിപ്പിടിച്ചു എന്നു കരുതിയത് കൈ തുറന്നു നോക്കുമ്പോൾ ശൂന്യമാണ്. അവിടില്ല.

എന്താണ് ആ അതിപ്രധാനമായ ഒന്ന്?

ഈ ലോകരക്ഷിതാവായ യേശുവിലൂടെ മാത്രം ലഭ്യമാകുന്ന ആത്മാവിന്റെ രക്ഷ.

നിങ്ങൾ മക്കൾക്കു കൊടുക്കുന്നത് അവരുടെ മക്കൾപോലും ഓർക്കുകയില്ല. നിങ്ങളുടെ ഫോട്ടോ വീട്ടിലുള്ളത് നിങ്ങളുടെ മക്കളുടെ മക്കൾ എടുത്തുമാറ്റി അവരുടെ മക്കളുടെ ഫോട്ടോ എടുത്തുവയ്ക്കും. പക്ഷേ, പാവപ്പെട്ടവന്റെ കണ്ണുനീർ തുടച്ചതാണെങ്കിൽ, ഈ ചെറിയവരിൽ ഒരാൾക്ക് ചെയ്തതാണെങ്കിൽ അതിന്റെ കണക്ക് കർത്താവിന്റെ പക്കൽ കാണും. മാന്യതയ്ക്കുവേണ്ടി ഇതൊന്നും ചെയ്യരുതെന്നു മാത്രം. നിങ്ങളുടെ കുടുംബത്തിനു നിങ്ങൾ മാന്യനായി മാറും.

സഹോദരി ഡോട്ടിയെയും ഭർത്താവ് ചാർളി ഡ്യൂക്കിനെയും എനിക്ക് വർഷങ്ങളായി അറിയാം. ഞാൻ അവരുടെ വീട്ടിൽ ഒന്നിലധികം പ്രവശ്യം പോയിട്ടുണ്ട്. അവരെന്റെ പല മീറ്റിംഗുകളിലും സംബന്ധിച്ചിട്ടുണ്ട്. അവർ പോകുന്ന എപ്പിസ്കോപ്പൽ സഭയിൽ ഞാൻ പലപ്രാവശ്യം പ്രസംഗിച്ചിട്ടുണ്ട്. പരിശുദ്ധാത്മസ്നാനം പ്രാപിച്ച ആ സഭയിലെ പട്ടക്കാരന്റെ സഭ കൂടുതൽ കൂടുതൽ വളരുന്നതുകണ്ട് ഞാൻ സന്തോഷിച്ചിട്ടുണ്ട്. കഴിഞ്ഞ പ്രാവശ്യം ഞാൻ ആ സഭയിൽ ചെന്നപ്പോൾ അവർക്കു രാവിലെ മൂന്ന് ആരാധനയുണ്ട്. അതിരാവിലെ തികച്ചും എപ്പിസ്കോപ്പൽ സഭയുടെ നിയമപ്രകാരമുള്ള ആരാധന. കുപ്പായമിട്ട പാസ്റ്ററും പ്രായമായ മുപ്പതിലേറെ വിശ്വാസികളും.

രണ്ടാമത്തെ സർവ്വീസിൽ കുറെക്കൂടി സ്വാതന്ത്ര്യമുണ്ട്. പാസ്റ്റർക്ക് കുപ്പായമുണ്ടെങ്കിലും കൈകൊട്ടി പാടുന്നു. അസിസ്റ്റന്റ് പട്ടക്കാരൻ ഗിറ്റാർ വായിച്ചു പാടുന്നു. ജനം കൈ ഉയർത്തി പാടുന്നു. മൂന്നാമത്തെ ആരാധന ചായയും ബിസ്കറ്റും കഴിച്ചശേഷം തുടങ്ങിയപ്പോൾ വലിയ സഭാഹാൾ നിറഞ്ഞു കവിഞ്ഞിരുന്നു. പാസ്റ്റർ കുപ്പായം ഊരിവച്ചു. വൈദികന്റെ കോളറിട്ട ഷർട്ട്. ഒരു യഥാർത്ഥ കരിസ്മാറ്റിക് സഭ. അന്യഭാഷയുണ്ട്. പാസ്റ്റർ എന്നോടു പറഞ്ഞു "ഈ ആരാധനയിൽ ബ്രദറിൽ നിബന്ധനയൊന്നുമില്ല. നടക്കാം. ഫലിതം പറയാം. ഉറക്കെ വിളിച്ചു പറയാം."

ഈ മൂന്നാമത്തെ ആരാധനയിലാണ് ഡ്യൂക്ക് കുടുംബം സംബന്ധിക്കുന്നത്. ഇവർ അമേരിക്കയിലും മറ്റു രാജ്യങ്ങളിലും പോയി നേരിട്ടും ടെലിവിഷനിലും ഒരു കാര്യം പറയുന്നു. "പണവും പ്രതാപവും സമാധാനം തരികയില്ല. സമാധാനം അപഹരിച്ചെന്നു വരാം. ഞങ്ങൾ അതിന്റെ സാക്ഷികളാണ്. അതിനാൽ ഞങ്ങൾ കാണിച്ച അബദ്ധം നിങ്ങൾ കാണിക്കരുത്. ദൈവപുത്രനായ യേശുവിനെ കണ്ടുമുട്ടുക. ജീവിതത്തിൽ അർത്ഥം കണ്ടെത്തുക. യഥാർത്ഥ ജീവിതം അവിടെയാണ് തുടങ്ങുന്നത്."

സഹോദരി ഡോട്ടിയുടെ പുസ്തകം മലയാള വായനക്കാർക്ക് സമർപ്പിക്കുന്നതിൽ എനിക്ക് വലിയ സന്തോഷമുണ്ട്.

നിങ്ങൾ മാനസാന്തരപ്പെട്ട് ദൈവപൈതലായി തീർന്നിട്ടില്ലെങ്കിൽ ഈ പുസ്തകം നിങ്ങൾക്കൊരു വഴികാട്ടിയായി മാറട്ടെ. മാനസാന്തരത്തിന്റെ അഥവാ നവീകരണത്തിന്റെ അനുഭവത്തിലേക്കുള്ള വഴികാട്ടി.

നിങ്ങൾക്ക് ഈ പുസ്തകം അനുഗ്രഹമായെങ്കിൽ ഗ്രന്ഥകാരിക്ക് കത്തെഴുതാം. (Mrs. Dotty Duke, P.O. Box- 10803, New Delhi - 30)

നിങ്ങൾക്കെന്തെങ്കിലും പ്രാർത്ഥനാ വിഷയമുണ്ടെങ്കിൽ ഞങ്ങൾക്കെഴുതാം. ഞങ്ങൾ നിങ്ങൾക്കായി പ്രാർത്ഥിക്കാം. നിങ്ങൾക്ക് ആത്മീയ വളർച്ചയ്ക്ക് ഉതകുന്ന പ്രസിദ്ധീകരണങ്ങൾ ഞങ്ങൾ നിങ്ങൾക്കയച്ചു തരാം.

ഈ പുസ്തകം നിങ്ങൾക്ക് പരമാർത്ഥം

മനസ്സിലാക്കിത്തരുമെന്ന് എനിക്കുറപ്പുണ്ട്. നിങ്ങൾ ഈ 'രക്ഷ' കരസ്ഥമാക്കണമെന്ന അതിവാഞ്ചയാൽ ഈ പുസ്തകം നിങ്ങൾക്കെത്തിക്കുകയാണ്. ഇതു വായിച്ചിട്ടും ആത്മാവിന്റെ രക്ഷയെപ്പറ്റി ഒരു ചോദ്യം ബാക്കിയുണ്ടെങ്കിൽ എനിക്കെഴുതുക. ഞാനെഴുതിയ "ഇതാ, നിങ്ങൾക്കു സമാധാനം" എന്ന പുസ്തകത്തിന്റെ ഒരു കോപ്പി ഞാൻ നിങ്ങൾക്ക് സൗജന്യമായി അയച്ചുതരാം. നിങ്ങൾ യേശുവുമായി ഒരു ബന്ധം സ്ഥാപിക്കണമെന്ന് എനിക്കാഗ്രഹമുണ്ട്.

പ്രിയ സുഹൃത്തെ, നിങ്ങൾ ഒരു പരാജയമായി ഒരിക്കലും പര്യവസാനിക്കരുത്. ദൈവം തന്ന, തരുന്ന സമാധാനം വിരലുകൾക്കിടയിലൂടെ ചോർന്നുപോകാനും അനുവദിക്കരുത്. കാത്തുസൂക്ഷിക്കുക. പരിപാലിക്കുക. വളർത്തിയെടുക്കുക. തലമുറകൾക്കു കൈമാറുക. ഒടുവിൽ ചിരിച്ചുകൊണ്ട് മരിക്കുവാൻ തയ്യാറെടുക്കുക. നിങ്ങൾക്കത് ദൈവം സാദ്ധ്യമാക്കിത്തരട്ടെ!

കർത്താവിന്റെ വേലക്കാരൻ,
പി.ജി. വർഗ്ഗീസ്
P.O.Box - 10803
New Delhi - 110030
E-mail: ieteam@pgv.com

# ആമുഖം

''1975-ൽ അപ്പോളോ 16-ലൂടെ ചന്ദ്രനിലേയ്ക്കുള്ള എന്റെ യാത്രയ്ക്കു ശേഷം 3 വർഷമായപ്പോൾ, മറ്റുള്ള മിക്ക ബഹിരാകാശ സഞ്ചാരികളുടേതുപോലെ തന്നെ, ഡോട്ടിയുടെയും എന്റെയും ദാമ്പത്യജീവിതം വിവാഹമോചനത്തിന്റെ കരിമ്പാറക്കെട്ടുകളിലേക്ക് ചെന്നു പതിക്കുകയായിരുന്നു. അമേരിക്കയുടെ എല്ലാ പ്രതിച്ഛായകൾക്കും ഒരു ആഘാതമെന്ന നിലയിൽ 1971-ലാണ് ഇങ്ങനെയുള്ള ആദ്യത്തെ വിവാഹ മോചനശ്രമം രാഷ്ട്രത്തിൽ അരങ്ങേറിയത്. അതിനുശേഷം ഒരു ജലപ്രളയത്തിന്റെ വാതിൽ തുറക്കുന്നതു പോലെയാണ് അനേക ദാമ്പത്യങ്ങൾക്ക് വിരാമമിട്ടത്.

ബാഹ്യമായ ദൃഷ്ടിയിൽ ഞങ്ങളുടെ വിവാഹബന്ധം വളരെ നല്ലതായിരുന്നു. ഞങ്ങളൊരു ഉത്തമദമ്പതികളെപ്പോലെ പൊതുജനമദ്ധ്യേ പ്രത്യക്ഷപ്പെട്ടിരുന്നു. എപ്പോഴും കരങ്ങൾ തമ്മിൽ പിടിച്ചുകൊണ്ട് നടക്കുകയും പുറത്തെവിടെയെങ്കിലും പോയാൽ പരസ്പരം സഹകരിക്കുകയും ചെയ്യുന്ന ഭാവമായിരുന്നു ഞങ്ങൾക്കുണ്ടായിരുന്നത്. ഞങ്ങളുടെ ദാമ്പത്യപ്രശ്നങ്ങളെ മറ്റുള്ളവരുടെ മുമ്പിൽ കൊണ്ടു വന്നിരുന്നില്ല. എന്നാൽ ഡോട്ടി എപ്പോഴും പരാതിപ്പെടുമായിരുന്നു. ''ഇതിലധികം നമുക്കിനി അടുക്കുവാൻ കഴിയുകയില്ല; ഒരു ആഴമേറിയ ബന്ധം നമുക്കില്ല.''

ഡോട്ടി മിക്ക സമയങ്ങളിലും നിരാശിയായി മാറിയപ്പോഴേയ്ക്കും സംഗതികൾ കൂടുതൽ വഷളായി. ജീവിതം വളരെ അർത്ഥശൂന്യമായി തോന്നിത്തുടങ്ങിയതുകൊണ്ട് ചില പ്രഭാതങ്ങളിൽ ഡോട്ടി കിടക്കയിൽ നിന്ന് എഴുന്നേല്ക്കുവാൻ പോലും കൂട്ടാക്കിയില്ല. എനിക്ക് മറ്റൊരു പോംവഴിയും ഇല്ലാതിരുന്നതിനാൽ, വളരെ മോശമായ രീതിയിലാണ് സംഗതികൾ ഞാൻ കൈകാര്യം ചെയ്തു വന്നത്. ഏതായാലും നിരാശയുടെ ആഴം വർദ്ധിച്ചതോടെ, ആത്മഹത്യയെക്കുറിച്ചുള്ള ചിന്തകൾ വരെ അവൾ താലോലിക്കുവാൻ തുടങ്ങിക്കഴിഞ്ഞിരുന്നു.

എന്നാൽ അപ്പോൾ ഒരു അത്ഭുതം നടന്നു. ചില വ്യക്തികൾ ഞങ്ങളുടെ സഭയിൽ വന്ന് ദൈവത്തെക്കുറിച്ചും ദൈവസ്നേഹത്തെക്കുറിച്ചും സാക്ഷ്യം പറഞ്ഞു. ആ വാരാന്ത്യത്തിൽ ഡോട്ടി തന്റെ ജീവിതത്തെ കർത്താവിനായി നൽകി. അവളിൽ യേശുക്രിസ്തു വന്നതോടുകൂടി പൂർണ്ണത വരുത്തുന്ന ഒരു പുതുജീവൻ അവളിൽ കൈവന്നതായി ഞാൻ ശ്രദ്ധിച്ചു. അവളുടെ നിരാശ മാറി; ആത്മഹത്യാ ചിന്തകളെ ഉപേക്ഷിച്ചു. ഒരു പുതിയ പുഷ്പം വിടരുന്നതുപോലെ

ആത്മഹത്യ! എല്ലാമുണ്ടെന്ന് പുറമേ തോന്നുന്ന ഒരു സ്ത്രീ, പ്രശസ്ത ചാന്ദ്രിക യാത്രികനായ ഭർത്താവ്, ഉല്ലാസയാത്രകൾ, ആരോഗ്യമുള്ള രണ്ട് ആൺമക്കൾ, വലിയവീട്, രണ്ട് കാറുകൾ-ഇങ്ങനെയുള്ള ഒരുവൾ എപ്പോഴെങ്കിലും ആത്മഹത്യയെക്കുറിച്ച് ചിന്തിക്കുമോ? എന്നാൽ, ജീവിതമൊടുക്കുന്നതുമാത്രം ഒരു പരിഹാരമായി കാണുന്ന വിധത്തിൽ ഞാൻ ആകെ നിരാശിതയായിരുന്നു. ജീവിതമാകെ വേദനാത്മകമായിരുന്നു. പ്രഭാതത്തിൽ എന്റെ കിടക്കയിൽ നിന്നെഴുന്നേല്ക്കുന്നതിനും ഞാൻ ചെയ്യേണ്ട കാര്യങ്ങൾ ചെയ്യുന്നതിനും എനിക്ക് പ്രയാസമായി തോന്നി. എല്ലാ കാര്യങ്ങളും ശരിയായിരിക്കുന്നുവെന്ന് ഭാവിച്ചുകൊണ്ട് ചുണ്ടിൽ ചിരി വിടർത്തി കഴിയുന്നത് അത്ര എളുപ്പമുള്ള കാര്യമല്ല.

ചാർളിയോടും എന്റെ പിതാവിനോടുമല്ലാതെ, ഞാൻ എത്രമാത്രം നിരാശിതയായി തീർന്നിരിക്കുന്നുവെന്ന് മറ്റാരോടും ഞാൻ പറഞ്ഞില്ല. മറ്റുള്ള വ്യക്തികളത് മനസ്സിലാക്കുകയില്ലെന്നും ഉള്ളതിനെപ്പറ്റി സംതൃപ്തിയില്ലാത്തവളായി എന്നെപ്പറ്റി ചിന്തിക്കുമെന്നും എനിക്കറിയാമായിരുന്നു. എന്റെ നൈരാശ്യത്തെപ്പറ്റി അവർക്ക് ഒരു അവബോധം തോന്നുവാനും ഞാൻ ആഗ്രഹിച്ചിരുന്നില്ല. എന്റെ പിതാവിന്റെ പ്രതികരണം ആഴമായ കരുതൽ നിറഞ്ഞതായിരുന്നു. ചാർളിയുടേതാകട്ടെ, അദ്ദേഹം കഴിഞ്ഞ ചില വർഷങ്ങളിൽ തികച്ചും സാധാരണ രീതിയിലുള്ള നിലപാടാണ് എന്നോട് പ്രകടമാക്കിയിരുന്നത്. “ഒരുപക്ഷേ ഞാൻ അവളെ അവഗണിച്ചാൽ അവൾ പരാതി പറയുന്നത് നിർത്തുകയും പിന്നെ പ്രശ്നങ്ങളെല്ലാം മാറുകയും ഒടുവിൽ എല്ലാം നേരെയായി കൊള്ളുകയും ചെയ്യും” എന്നിങ്ങനെ ചാർളി ചിന്തിച്ചിരുന്നു. അദ്ദേഹത്തിനിത് എപ്രകാരം കൈകാര്യം ചെയ്യണമെന്നറിയില്ലെന്ന് എനിക്കറിയാമായിരുന്നു. എന്നാൽ, എന്നെ സഹായിക്കുന്നതിൽ ഒട്ടും താൽപര്യം അദ്ദേഹം കാണിക്കാതിരിക്കുന്നതിലാണ് എന്റെ മനസ്സിന് മുറിവേറ്റത്. ഒരു വിവാഹ ജീവിതത്തിനുള്ള വിദഗ്ദ്ധോപദേശകന്റെ അരികിൽ പോകണമെന്നായിരുന്നു ഞാൻ ആവശ്യപ്പെട്ടിരുന്നത്. കാരണം,

ആശയ്ക്ക് ഒട്ടും വകയില്ലാത്ത രീതിയിൽ ഞങ്ങളുടെ ദാമ്പത്യജീവിതം മാറിയെന്ന് എനിക്കു തോന്നുന്നതിന്റെ പിന്നിലുള്ള കാരണം വളരെ ഗൗരവപൂർണ്ണമായി അദ്ദേഹം കാണണമെന്ന് ഞാൻ ആശിച്ചിരുന്നു.

വാസ്തവത്തിൽ, ഞങ്ങളുടെ ദാമ്പത്യജീവിതത്തിലെ പ്രശ്നം പന്ത്രണ്ടു വർഷം മുമ്പ്, വിവാഹം കഴിച്ചതുമുതൽ തുടർന്നു വരികയാണ്.

ഞങ്ങൾ ആദ്യം ബോസ്റ്റണിൽ വച്ച് വിവാഹം കഴിക്കുവാനുള്ള തീരുമാനത്തോടെ സമയം ചെലവഴിക്കുമ്പോൾ ഞാൻ വളരെ സന്തോഷവതിയായിരുന്നു. ഞങ്ങൾ ഇപ്രകാരം കണ്ടുമുട്ടുമ്പോൾ ചാർളി അമേരിക്കൻ വ്യോമസേനയിൽ ഒരു ലഫ്റ്റനെന്റും മസാച്ചുസെസ്റ്റ്സിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ ബിരുദാനന്തരബിരുദത്തിനുള്ള ഒരു വിദ്യാർത്ഥിയും ആയിരുന്നു. ഞാൻ അന്ന് ഹാർവാർഡ് ബിസ്സിനസ് സ്കൂളിന്റെ രജിസ്ട്രാറിന്റെ ഓഫീസിൽ ജോലി നോക്കുകയായിരുന്നു. യുവാവായ ഈ എയർഫോഴ്സ് പൈലറ്റ് അക്ഷരാർത്ഥത്തിൽ എന്നിൽ വളരെ അഭിമാനം വളർത്തി യിരുന്നു. ചാർളി അന്നെന്നെ വളരെ മനസ്സിലാക്കുന്നവനും എന്നോട് വളരെ അനുകമ്പയുള്ളവനുമായിരുന്നു. കൂടാതെ പ്രേമപരമായി ഇടപെടുന്നവനും ആയിരുന്നു. എന്നോടൊപ്പം എപ്പോഴും ആയിരിക്കുവാൻ അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നു. രാത്രികാലങ്ങളിൽ ക്ലാസ്സുള്ളപ്പോൾ എന്നെ ഫോണിലൂടെ വിളിക്കുകയും ആ ദിവസം എങ്ങനെയുണ്ടായിരുന്നുവെന്ന് പറയുകയും പരസ്പരം കാണാത്തതിലുള്ള നഷ്ടബോധം പ്രകടമാക്കുകയും ചെയ്യുമായിരുന്നു.

ഒരുപക്ഷേ, എന്നെക്കാളും അദ്ദേഹത്തിന് അഞ്ചുവയസ്സ് കൂടുതൽ പ്രായമുള്ളതു കൊണ്ടാകാം എനിക്ക് ചാരുവാൻ കഴിയുന്ന ശക്തമായ കരങ്ങളാണതെന്നും എന്നെ സംരക്ഷിക്കുകയും സൂക്ഷിക്കുകയും ചെയ്യുന്ന ഒരു വ്യക്തിയാണ് അദ്ദേഹമെന്നും എനിക്ക് തോന്നിയിരുന്നു. അദ്ദേഹം എന്നെ എത്രമാത്രം സ്നേഹിക്കുന്നുവെന്നും ഞാൻ അദ്ദേഹത്തിന്

എത്രമാത്രം പ്രത്യേകതയുള്ളവളാണെന്നും ആവർത്തിച്ച് എന്നോട് പറയുമായിരുന്നു. അതിനു മുമ്പ് എന്നെ ഇത്രമാത്രം ആരും സ്നേഹിച്ചിട്ടില്ലായിരുന്നു. അതുകൊണ്ട് അത് വളരെ മനോഹരമായിരുന്നു. ഞാൻ അന്വേഷിച്ചുകൊണ്ടിരുന്ന പ്രേമസുന്ദരനായ രാജകുമാരനെയാണ് കണ്ടെത്തിയതെന്ന് ഞാൻ മനസ്സിലാക്കി. വിചിത്രമായ സാങ്കലിപിക കഥയായ സിണ്ട്രല്ലയിലെ പോലെ എന്റെ സ്വപ്നങ്ങൾ യാഥാർത്ഥ്യമായി മാറുകയായിരുന്നു. ഒരുദിവസം ഞാനെന്റെ പ്രേമസ്വരൂപനായ രാജകുമാരനെ കണ്ടെത്തുകയും അദ്ദേഹമെന്നെ വാരിയെടുത്ത് അനശ്വരമായ സ്നേഹം പകർന്നു തരികയും എന്റെ എല്ലാ ആവശ്യങ്ങളും നിറവേറ്റി തരികയും ചെയ്യുമെന്നുള്ള ഒരു സ്വപ്നത്തിന്റെ സാക്ഷാത്ക്കാരമായിരുന്നു അത്. സാങ്കല്പിക കഥയിലുള്ള തുപോലെ ദീർഘകാലം സന്തോഷത്തോടെ ജീവിക്കുന്ന ഒരു നല്ല ദാമ്പത്യജീവിതം ഞങ്ങൾക്ക് ഉണ്ടാകുമെന്നും ഞാൻ ആശിച്ചു.

ചാർളിയെ വിവാഹം കഴിക്കാമോ എന്ന് അന്ന് അദ്ദേഹം എന്നോടു ചോദിച്ചപ്പോൾ, ആ പ്രത്യേക സ്നേഹം എത്രമാത്രം എനിക്ക് ആവശ്യമുണ്ടായിരുന്നുവെന്ന് എനിക്കറിയാമായിരുന്നു. ഞാൻ പറഞ്ഞു, "ചാർളീ, അങ്ങയെ എന്റെ ജീവിതത്തിലെ ഏറ്റവും ഒന്നാമത്തെ മുൻഗണനയായി മാറ്റുവാൻ പോകുകയാണ്. അങ്ങയുടെ ജീവിതത്തിലെ ഒന്നാമത്തെ മുൻഗണനയായി എന്നെ കരുതുമോ?" അദ്ദേഹത്തിന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട വിഷയം ഞാനായിരിക്കുമെന്ന മറുപടിയിലൂടെ അദ്ദേഹം എനിക്ക് ഉറപ്പു നൽകി. അങ്ങനെ 'സിണ്ട്രല്ലയും പ്രേമസ്വരൂപനായ രാജകുമാരനും' തമ്മിൽ വിവാഹിതരായി!

പിന്നീടെന്താണു സംഭവിച്ചത്? എന്നേയ്ക്കും സന്തോഷമായിക്കഴിയേണ്ട ദാമ്പത്യാവസ്ഥയ്ക്ക് തുടർന്ന് എന്താണ് സംഭവിച്ചത്? പ്രേമസ്വരൂപനായ രാജകുമാരൻ എവിടെപ്പോയി? എന്റെ സ്വപ്നം ഊതിവീർത്ത് ഒടുവിൽ പൊട്ടിത്തെറിച്ചു! പിന്നീടൊന്നും ശേഷിച്ചിരുന്നില്ല. പഴയകാലത്തിന്റെ സുന്ദരമായ ഓർമ്മകൾ മാത്രമേ പിന്നീട് ശേഷിച്ചിരുന്നുള്ളൂ.

ഞങ്ങളുടെ ഹണിമൂൺ വളരെ ശ്രേഷ്ഠമായിരുന്നില്ല. എങ്കിലും കുഴപ്പമില്ലായിരുന്നു. തികച്ചും 'ഏകാന്തമായ ദ്വീപിൽ മനോഹരമായ സൂര്യാസ്തമയങ്ങൾ നിറഞ്ഞ പ്രേമസംബന്ധമായ' ദിനങ്ങളെ ഞാൻ സ്വപ്നം കണ്ടിരുന്നത് പോലെയുള്ളതായിരുന്നില്ല അത്. എന്നാൽ ഞങ്ങൾക്ക് മുമ്പോട്ടു നോക്കുവാൻ ഒരു ജീവിതകാലം മുഴുവനും ഉണ്ടായിരുന്നു. എന്തായാലും ഹണിമൂൺ കഴിഞ്ഞയുടനെ ഞങ്ങൾ ബോസ്റ്റണിൽ മടങ്ങിയെത്തിയപ്പോൾ കാര്യങ്ങൾ അത്ര സുഗമമല്ലെന്ന് ഞാൻ മനസ്സിലാക്കി.

അദ്ദേഹത്തിന്റെ ജീവിതത്തിലെ ഒന്നാമത്തെ പരിഗണന ഞാനല്ലായിരുന്നു. അത് അദ്ദേഹത്തിന്റെ ജോലിയായിരുന്നു.

ചാർളി ആകെ മാറിയിരുന്നു. മുമ്പിലത്തെപ്പോലെ എന്നോടൊപ്പം അദ്ദേഹം അധികസമയം ചെലവഴിച്ചില്ല. അദ്ദേഹം ക്ലാസ്സിലായിരിക്കുമ്പോൾ എന്റെ അസാന്നിദ്ധ്യം എത്രമാത്രം നഷ്ടം വരുത്തുന്നു എന്നതിനെപ്പറ്റി എന്നോടൊന്നും സംസാരിച്ചില്ല. ഞങ്ങൾക്കുവേണ്ടിയുള്ള കാണ്ടിൽ ലൈറ്റ് ഡിന്നറനു പോലും അദ്ദേഹം അധികം സമയം എന്നോടൊപ്പം ചെലവഴിച്ചില്ല. പെട്ടെന്ന് ഭക്ഷിച്ചു തീർത്തതിനുശേഷം പഠനമുറിയിലേക്ക് പഠിക്കുന്നതിനായി അദ്ദേഹം കയറിപ്പോയി. പഠനത്തിൽ നിന്ന് എപ്പോഴൊക്കെ അല്പം സ്വതന്ത്രനാകുമോ അപ്പോൾ ഒന്നുകിൽ വർത്തമാനപ്പത്രമെടുത്തു വായിക്കുകയോ അല്ലെങ്കിൽ ടെലിവിഷൻ കാണുകയോ ചെയ്യും. 'എനിക്കൊന്നു വിശ്രമിക്കണം' അദ്ദേഹം പറയും. വാസ്തവത്തിൽ എന്നെ അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ നിന്ന് അകറ്റിനിർത്തിയിരുന്നു. ക്രമേണ എന്നെ ഉപേക്ഷിച്ചതായി എനിക്ക് തോന്നി.

ബിരുദം ലഭിക്കുന്നതിനുവേണ്ടി ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ഉയർന്ന ഗ്രേഡുകൾ അദ്ദേഹത്തിന് കരസ്ഥമാക്കണമെന്ന് എനിക്കറിയാമായിരുന്നു. അദ്ദേഹത്തിന്റെ തൊഴിൽരംഗത്ത് ഈ ഡിഗ്രി എത്രമാത്രം പ്രാധാന്യമുള്ള താണെന്നും എനിക്കറിയാമായിരുന്നു. എന്നാൽ, ഒന്നാമത്തെ സ്ഥാനത്തു നിന്നും വഴുതി രണ്ടാമത്തെയെ അതോ

മൂന്നാമത്തെയോ പരിഗണനയിലേക്ക് ഞാൻ മാറ്റപ്പെട്ട എന്തുകൊണ്ടാണെന്ന് എനിക്കു ഗ്രഹിക്കുവാൻ കഴിഞ്ഞില്ല.

ഞാൻ ആകെ ചിന്താക്കുഴപ്പത്തിലാകുകയും എ ഹൃദയത്തിന് മുറിവേല്ക്കുകയും ചെയ്തു. ഞാൻ ചിന്തിക്കുവാ തുടങ്ങി, "ഒരു പക്ഷേ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നു അദ്ദേഹം ബിരുദമെടുത്തു കഴിഞ്ഞാൽ സംഗതികളെല്ലാ വ്യത്യാസപ്പെടുമായിരിക്കും. അദ്ദേഹം വിദ്യാഭ്യാസത്തെക്കുറിച്ച മാത്രമാണ് ഇപ്പോൾ ചിന്തിച്ചു ഭാരപ്പെടുന്നത്." ഇ ചിന്തയോടുകൂടി, അദ്ദേഹത്തിന്റെ പഠനം പൂർത്തിയാകുന തിനുവേണ്ടി, പ്രതീക്ഷയോടെ ഞാൻ കാത്തിരുന്നു. മാത്രമ വ്യോമസേന ഞങ്ങളെ അടുത്തതായി എവിടേയ്ക്ക പറഞ്ഞുവിടുമോ അവിടേയ്ക്കു പോകുവാൻ ഞാ തയ്യാറായിരുന്നു. എഡ്വേർഡ്സ് എയർഫോഴ്സ് ബെയ്സിലെ ടെസ്റ്റ് പൈലറ്റ് സ്കൂളിലേക്കുള്ള ഓർഡർ വന്നപ്പോൾ ചാർള അതു സ്വീകരിച്ചത് എനിക്കു നല്ല കാര്യമായി തോന്നി. 'അതെ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടിനെക്കാൾ അവിടം മെച്ചമായിരിക്കും! അദ്ദേഹം അതിൽ വളരെ ആകാംക്ഷാഭരിതനായിരുന്നു ഞാനാകട്ടെ യാത്ര ചെയ്യുവാൻ വേണ്ടി സന്തോഷിച്ച കാത്തിരുന്നു. അങ്ങനെയെങ്കിൽ ഇനിയുള്ള കാല സന്തോഷപൂർവ്വം ജീവിക്കുവാനും നല്ല അനുഭവങ്ങ നേടിയെടുക്കുവാനുമുള്ള പുതിയ സ്ഥലം കാലിഫോർണിയ ആയിരിക്കും!

എന്നാൽ വേണ്ടത്ര നല്ല രീതിയിലല്ലാത്ത അവസ്ഥയിലാണ് എഡ്വേർഡ്സ് ബേസ് ആയിത്തീർന്നത് വറചട്ടിയിൽ നിന്ന് എരിതീയിലേക്ക് ചാടിയതുപോലെയായിരുന്ന അത്. സ്കൂളിലെ ജോലി വളരെ പ്രയാസകരമായാണ് ചാർള് തള്ളിനീക്കിയത്. കൂടാതെ മറ്റു ചിലതിനെക്കൂടി ഞാൻ ഇപ്പോൾ പരിചയിക്കേണ്ടി വന്നു - വിമാനങ്ങൾ! വിമാനം പറപ്പിക്കുന്നത് അദ്ദേഹത്തിന് വളരെ ഇഷ്ടമായിരുന്നു. അദ്ദേഹത്തിന്റെ സംഭാഷണത്തിന്റെ വിഷയം എപ്പോഴും വിമാന പറപ്പിക്കലിനെക്കുറിച്ചുള്ളതായിരുന്നു. കൂടെയുള്ളവരോട്

അതിനെ സംബന്ധിച്ച ഒരു കഥ അല്ലെങ്കിൽ മറ്റൊന്ന് എപ്പോഴും പറയാനുണ്ടായിരിക്കും. അവരുടെ ഭാര്യമാർ ഒന്നുകിൽ അടുത്തിരുന്ന് മൗനമായി ശ്രദ്ധിച്ചിരിക്കും. അല്ലെങ്കിൽ അവർ അടുത്ത മുറികളിലേയ്ക്ക് കയറിപ്പോകും.

കൂടാതെ, ഒന്നിന്റെയും മദ്ധ്യത്തിലല്ലാത്ത ഒരിടംപോലെയുള്ള ഒരു സ്ഥലത്തായിരുന്നു എഡ്വേർഡ്സ് എയർഫോഴ്സ് ബേസ് സ്ഥിതിചെയ്തിരുന്നത്. മരുഭൂമി, കള്ളിമുൾച്ചെടി, മണൽക്കാറ്റ്, ചൂടേറിയ അന്തരീക്ഷം. എനിക്കവിടെ ഒന്നും ചെയ്യുവാനുണ്ടായിരുന്നില്ല. രണ്ടാം തരക്കാരെ പഠിപ്പിക്കുന്ന ഒരു ജോലി എനിക്ക് അവിടെ കിട്ടി. കൂടാതെ, ഓഫീസേഴ്സ് വൈഫ്സ് ക്ലബ്ബിൽ ഞാൻ അംഗമായി. സെറാമിക്സ് ക്ലാസ്സിലും പഠനത്തിനായി ഞാൻ ചേർന്നു. എന്നാൽ മിക്കപ്പോഴും ഞാൻ ഏകയായിരിക്കും. ചാർളി സ്കൂളിലും രാത്രികാലങ്ങളിൽ പഠിത്തത്തിലും തിരക്കുള്ളവനായി കഴിഞ്ഞുപോന്നു. ഞാൻ ഗർഭിണിയായിത്തീർന്നതുകൊണ്ടും പതിവുള്ള ക്ഷീണവും പ്രയാസങ്ങളും കൂടിയതുകൊണ്ടും എന്റെ ഏകാന്തതയുടെ ആഴം വർദ്ധിച്ചതായി എനിക്കു തോന്നി. ക്രിസ്തുമസ് കാലം വന്നു. എന്റെ മാതാപിതാക്കളിൽ നിന്നും അകലെ മാറിയുള്ള ആദ്യത്തെ ക്രിസ്തുമസ് കാലമായിരുന്നു അത്. അതുകൊണ്ട് അവരെപ്പറ്റിയുള്ള നഷ്ടബോധം എന്നിലുണ്ടായി. മുമ്പു ഞങ്ങൾക്ക് മിക്കവാറും ഡാഡിയുടെ ബന്ധുക്കളോടൊപ്പം ഒരു വലിയ ക്രിസ്മസ് അത്താഴം ഉണ്ടായിരിക്കും. അതേ രാത്രിയിൽത്തന്നെ മാതാവിന്റെ കുടുംബത്തിൽ മറ്റൊരു പാർട്ടികൂടി ഉണ്ടായിരിക്കും. ഇപ്പോൾ ഞങ്ങൾ രണ്ടുപേർ മാത്രമുള്ള ക്രിസ്തുമസ് അതുപോലെയുള്ള ഒന്നായിരുന്നില്ല.

ആയിത്തീരുമെന്ന് ഞാൻ ചിന്തിച്ചിരുന്നതുപോലെ ജീവിതം ശരിയായിത്തീർന്നിരുന്നില്ല.

എഡ്വേർഡ്സ് സ്കൂളിൽ ചാർളി വളരെയധികം സന്തോഷവാനായിരുന്നു. എന്നാൽ ഇനിയടുത്ത സ്ഥലത്തേക്കുള്ള മാറ്റം ഞങ്ങളെ ഇനിയും മേത്തരമായതിലേക്ക്

നയിക്കുമെന്ന പ്രതീക്ഷയോടെ ഓരോ നിമിഷവും ഞാൻ തള്ളിനീക്കിക്കൊണ്ടിരുന്നു. ഒരുപക്ഷേ, അപ്പോൾ എനിക്ക് ലഭിക്കണമെന്ന് ആഗ്രഹിക്കുന്നതുപോലെയുള്ള സ്നേഹത്തിൽ ചാർളി എന്നെ കൂടുതൽ ശ്രദ്ധിക്കുകയും സ്നേഹിക്കുകയും ചെയ്യുമായിരിക്കും എന്ന് ഞാൻ വിശ്വസിച്ചു.

ഞങ്ങളുടെ ഒന്നാമത്തെ മകൻ ജനിച്ചപ്പോൾ ഞാനാകെ സന്തോഷത്താൽ മതിമറന്നു. ചുവന്നു തുടുത്തതും നീലനിറത്തിലുള്ള കണ്ണുകളുള്ളവനുമായ അവന്റെ ചിരി വശ്യമായിരുന്നു. ഞങ്ങൾ അവന് 'ചാൾസ് മൂന്നാമൻ' എന്നു പേരിട്ടു. ഒരു മാതാവെന്ന നിലയിൽ മകന്റെ മലമൂത്രത്തിന്റെ തുണികൾ കഴുകുകയും അവനുള്ള ആഹാരങ്ങൾ ക്രമീകരിക്കുകയും അർദ്ധരാത്രികളിൽ പാലു കൊടുക്കുകയും ചെയ്തുകൊണ്ടിരുന്നതിനാൽ എന്റെ ദിനങ്ങൾ അന്നൊക്കെ തിരക്കുള്ളതായിരുന്നു. ചാർളി ഒരു ശ്രേഷ്ഠനായ പിതാവായിരുന്നു. ഞങ്ങളുടെ ഭവനത്തിൽ വന്ന ചെറിയതും പുഞ്ചിരിക്കുന്ന പുതിയതുമായ അംഗത്തിന്റെ മുമ്പിലുള്ള അദ്ദേഹത്തിന്റെ സന്തോഷത്തിൽ ഞാൻ വളരെ ആഹ്ലാദിച്ചു. എന്നാൽ അദ്ദേഹം എന്നിലേക്കും അതുപോലെയുള്ള താത്പര്യം പ്രകടിപ്പിക്കണം എന്ന ആഗ്രഹത്തെ സംതൃപ്തിപ്പെടുത്തുവാൻ എനിക്ക് കഴിഞ്ഞില്ല. കുറച്ചുകഴിഞ്ഞപ്പോൾ, ചാർളിയുടെ ജീവിതത്തിലെ ഏറ്റവും ആനന്ദകരമായ വസ്തുത ഇതാണെന്ന് തോന്നിയെങ്കിലും എയർഫോഴ്സ് സ്കൂളിലും ജറ്റുകളിലുമുള്ള ആദ്യകാല പരിശീലനത്തിലുണ്ടായിരുന്ന ആകാംക്ഷയാണ് ഏറ്റവും ഒടുവിലത്തെ പ്രധാന താത്പര്യമായി മാറിയത്.

ടെസ്റ്റ് പൈലറ്റ് സ്കൂളിൽ നിന്നുള്ള ബിരുദ പൂർത്തീകരണത്തിനുശേഷം, അവിടെ തന്നെ ഒരു ഇൻസ്ട്രക്ടർ എന്ന നിലയിലുള്ള സ്റ്റാഫായി നിലകൊള്ളുവാൻ അധികൃതർ ചാർളിയോട് ആവശ്യപ്പെട്ടു. മറ്റെവിടേക്കാണ് ഇനി പോകേണ്ടതെന്ന് എനിക്കറിയില്ലായിരുന്നുവെങ്കിലും ഏതൊരു സ്ഥലവും എഡ്വേർഡ്സിനെക്കാൾ മെച്ചമായിരിക്കുമെന്ന് എനിക്കു തോന്നി. എനിക്ക് സാധിക്കുന്ന എല്ലാ സാഹചര്യങ്ങളിലും

ചാർളിയെ വാരാന്ത്യങ്ങളിൽ കാലിഫോർണിയ നഗരം ചുറ്റി സഞ്ചരിക്കുവാൻ ഞാൻ നിർബന്ധിക്കുമായിരുന്നു. പ്രകൃതിയിലുള്ള വ്യതിയാനം കാണുവാനും ചാർളിയോടും ചാൾസിനോടുമൊപ്പം തനിച്ചിരിക്കുവാനും ഞാൻ ആകാംക്ഷയോടെ കൊതിച്ചിരുന്നു. അത്ഭുതമെന്ന് പറയട്ടെ, പതിനെട്ടു മാസം കഴിഞ്ഞപ്പോൾ തുറസ്സായ സ്ഥലങ്ങളും കാട്ടരുവി പൂക്കളും വർണ്ണപൂരിതമായ സൂര്യാസ്തമയം തെളിയുന്ന ആകാശങ്ങളും തിളങ്ങുന്ന നക്ഷത്രങ്ങളും മറ്റും ആസ്വദിക്കുവാൻ ഞങ്ങൾക്ക് കഴിഞ്ഞു.

അപ്പോഴാണ് ലോസ് എയ്ഞ്ചൽസ് ടൈംസിലുള്ള ഒരു വിജ്ഞാപനത്തിലൂടെ നാസ പുതിയ ബഹിരാകാശ സഞ്ചാരികളെ സ്വാഗതം ചെയ്യുന്നുവെന്നറിഞ്ഞത്. അദ്ദേഹം ചോദിച്ചു. "ഒരു ബഹിരാകാശ സഞ്ചാരിയായി ഞാൻ മാറുന്നതിനെക്കുറിച്ച് നീയെന്താണ് ചിന്തിക്കുന്നത്?"

"ബഹിരാകാശ സഞ്ചാരിയോ?" ഞാൻ അങ്ങനെ ഒന്നിനെപ്പറ്റി ചിന്തിച്ചിട്ടേയില്ലായിരുന്നു. എനിക്ക് ചാർളിയെക്കുറിച്ച് അഭിമാനമായിരുന്നു. ടെസ്റ്റ് പൈലറ്റ് സ്കൂളിൽ അദ്ദേഹം നല്ല നിലയിലായിരുന്നു. അദ്ദേഹം ഉത്തമനായ ഒരു പൈലറ്റായിരുന്നു. ബഹിരാകാശ സഞ്ചാരിയായി തീരുന്നതിനേക്കാൾ ശ്രേഷ്ഠമായ മറ്റൊരു നേട്ടമെന്താണുള്ളത്?

ബഹിരാകാശ യാത്രയെപ്പറ്റി എനിക്കെന്തറിയാമെന്ന് ഞാൻ സ്വയം വിലയിരുത്തി. വർഷത്തിൽ മൂന്നിൽ രണ്ടുഭാഗം സമയം അദ്ദേഹം യാത്രയിലായിരിക്കുന്നതുകൊണ്ട് ഭവനത്തിൽ നിന്നും അദ്ദേഹം വളരെയധികം അകലെയായിരിക്കും എന്നതാണ് അതിലുള്ള കുഴപ്പം. അതിൽ ശ്രേഷ്ഠമായ കാര്യം ഞങ്ങൾക്കു ശരിയായ പട്ടണത്തിൽ, ടെക്സാസിലെ ഹൂസ്റ്റണിൽ താമസിക്കാൻ കഴിയും. എനിക്ക് നഷ്ടമായിത്തീർന്ന മരങ്ങളും തടാകങ്ങളും അവിടെ തിരികെ ലഭിക്കും. ഹൂസ്റ്റണിൽ എന്റെ മാതാപിതാക്കളുമായി ഇന്നുള്ളതിൽ നിന്നും ആയിരം മൈലുകൾ അടുത്താണ്. ഇതിലെല്ലാമുപരി പുതിയ ഇടം ചാർളിയുടെയും എന്റെയും ബന്ധത്തെ പുരോഗമിപ്പിക്കുമെന്നും ഞാൻ ആശിച്ചു.

ഞങ്ങളുടെ ദാമ്പത്യജീവിതം എഡ്വേർഡ്സിൽ വച്ച് വളരെ അകന്നിരുന്നു. ഒരു മാറ്റത്തിന് ഞാൻ സന്നദ്ധയായിരുന്നു. ഞാൻ ചിന്തിച്ചു "എങ്ങനെ അദ്ദേഹത്താൽ സ്നേഹിക്കപ്പെടണമെന്ന് ഞാൻ ആഗ്രഹിക്കുന്നുവോ അതുപോലെ അദ്ദേഹത്തിന്റെ സ്നേഹം എനിക്കു ലഭിക്കും. അങ്ങനെ തുടർന്നുള്ള കാലം ഞങ്ങൾക്ക് സന്തോഷമായി കഴിഞ്ഞുകൂടുവാൻ സാധിക്കും."

ബഹിരാകാശ സഞ്ചാരിയുടെ ഭാര്യയുടേതായ ജീവിതം

ഹൂസ്റ്റണിലേക്കു മാറിയപ്പോഴേക്കും ഒരു ബഹിരാകാശ സഞ്ചാരിക്ക് ആവശ്യമായ ഊർജ്ജസ്വലമായ കൃത്യവും ആവർത്തന സ്വഭാവമുള്ളിടത്തേക്ക് പെട്ടെന്ന് ചാർളി വലിച്ചെറിയപ്പെട്ടതുപോലെയായി. അവിടെയുള്ള ഓരോ നിമിഷത്തെയും അദ്ദേഹം ഇഷ്ടപ്പെടുകയും വീട്ടിൽ തിരിച്ചെത്തുന്നത് അദ്ദേഹം കണ്ടതും ചെയ്തതുമായ കാര്യങ്ങളിലുള്ള അഗാധമായ ആകാംക്ഷ നിറഞ്ഞ മനസ്സോടെയായിരുന്നു. അദ്ദേഹത്തെക്കുറിച്ച് എനിക്ക് വളരെ സന്തോഷം തോന്നി. മകൻ ചാൾസിന്റെയും എന്റെയും ജീവിതം ഇതിനോടു താരതമ്യപ്പെടുത്തിയാൽ പഴയതുപോലെ തന്നെയായിരുന്നു. മകന്റെ മലമൂത്രവിസർജ്ജനം ചെയ്ത തുണികൾ കഴുകുകയും പാത്രങ്ങൾ കഴുകുകയും സാധനങ്ങൾ വാങ്ങാൻ പോകുകയും പാചകം ചെയ്യുകയും ചെയ്യുന്ന ഒരു പതിവു ജീവിതം തന്നെ. ചാർളി വളരെ വിരളമായി ഭവനത്തിൽ വരുന്നതുകൊണ്ട് എന്റെ കൃത്യനിർവ്വഹണങ്ങൾ കൂടുതൽ വഷളായി. എനിക്ക് എന്നോടുതന്നെ സഹതാപം തോന്നി.

ഹൂസ്റ്റണിലേക്ക് മാറിത്താമസിച്ചു തുടങ്ങിയതിന്റെ ഒരുമാസം കഴിഞ്ഞപ്പോഴേക്കും ഞാൻ മാനസികമായി വളരെ വലഞ്ഞിരുന്നു. ഞങ്ങളുടെ പുതിയ വീട് പണിയിക്കുന്നതിന്റെയും രണ്ടാമത്തെ കുട്ടിയുടെ സംരക്ഷണത്തിന്റെയും ഉത്തരവാദിത്വം എന്നിലായി. ചാർളി സ്ഥിരമായി പോയിരിക്കുകയാണ്. എനിക്കറിയാവുന്നവരായി വളരെ ചുരുക്കം പേർ മാത്രമേ അവിടെയുണ്ടായിരുന്നുള്ളു. ഞങ്ങളുടെ പുതിയ മകൻ ടോമിനും രണ്ടുവയസ്സുള്ള ചാൾസിനും വളരെ കുറച്ചു ശ്രദ്ധ മാത്രമേ

ലഭിച്ചിരുന്നുള്ളു. ഞാൻ ഒരു ദൗത്യത്തിൽ നിന്ന് മറ്റൊന്നിലേക്ക് വഴുതി വീണിരുന്നതുകൊണ്ട് ശാരീരികമായും മാനസികമായും ഞാൻ തളർന്നു വലഞ്ഞിരുന്നു. സമയം വേഗതയിൽ നീങ്ങിക്കൊണ്ടിരുന്നു. എനിക്കാവുന്നതുപോലെ ഞാനും അതിനോടൊപ്പം മുന്നേറിക്കൊണ്ടിരുന്നു.

സന്തോഷം എന്നത് വീണ്ടും തെന്നിമാറുന്ന ഒരു വിഷയമായി മാറി. ചാർളി ഒരു ബഹിരാകാശ സഞ്ചാരിയായ തുകൊണ്ടോ, അദ്ദേഹം അധികസമയം യാത്രയിലായിരുന്ന തുകൊണ്ടോ അല്ല, പിന്നെയോ ഞാനാഗ്രഹിച്ചതുപോലെയുള്ള സ്നേഹം അദ്ദേഹത്തിൽ നിന്ന് എനിക്ക് ലഭിക്കുന്നില്ലെന്നത് എന്റെ അനുഭവമായി. അദ്ദേഹം ഭവനത്തിലോ പുറത്തോ ആയിരുന്നാലും എനിക്ക് ഏകാന്തതയാണ് അനുഭവപ്പെട്ടത്. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം തന്റെ തൊഴിലാണ് ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട വിഷയം. അതെനിക്കു മനസ്സിലാകുകയും ചെയ്തു. ഞങ്ങൾ തമ്മിൽ വിവാഹിതരായപ്പോൾ, എന്റെ ജീവിതത്തിലെ പ്രഥമ വിഷയമായി അദ്ദേഹത്തെ പ്രതിഷ്ഠിച്ചിരുന്നു. അതുകൊണ്ട് എന്റെ സംതൃപ്തിക്കുവേണ്ടി അദ്ദേഹത്തെ നോക്കിക്കാത്തിരുന്നു. അദ്ദേഹം എന്നോട് നന്നായി ഇടപെടുമ്പോൾ ഞാൻ സന്തോഷവതിയായി മാറും. എന്നെ സ്നേഹിക്കണമെന്ന് ഞാൻ ആഗ്രഹിച്ച രീതിയിൽ അദ്ദേഹമെന്നെ സ്നേഹിച്ചില്ല. ഞങ്ങൾ വിവാഹിതരായി തീർന്നപ്പോൾ വായിച്ച ഒരു വേദഭാഗം ഇപ്രകാരമായിരുന്നു, "അവർ ഒരു ദേഹമായിത്തീർന്നു" ഞാൻ അപ്പോൾ ചിന്തിച്ചത് ഞാൻ പകുതിയും അദ്ദേഹം പകുതിയും ആയപ്പോൾ ഞങ്ങൾ പൂർണ്ണമായും ഒന്നായിത്തീരും എന്നാണ്. എന്നാൽ അപ്പോൾ മുതൽ ഞങ്ങൾ പലവിധത്തിലും ഒന്നായിരുന്നില്ല. അതുകൊണ്ട് അപൂർണ്ണമായ ഒരു അവസ്ഥയാണ് എനിക്കു തോന്നിയത്.

എന്നെക്കൂടാതെ തന്നെ ചാർളിക്ക് കുഴപ്പമില്ലാത്തതു പോലെ കാണപ്പെട്ടു. എന്നാൽ എന്നിൽ നിന്നും എന്തോ നഷ്ടപ്പെട്ടതുപോലെ എനിക്കു തോന്നി.

തീർച്ചയായും ആനന്ദകരമായ സന്ദർഭങ്ങളുണ്ടായിരുന്നു.

വിരുന്നു സൽക്കാരങ്ങൾ, പ്രശസ്ത വ്യക്തി എന്ന പദവി, പേടകവിക്ഷേപണത്തിന്റെയും ചരിത്രത്തിലെ ഒരു ഭാഗവുമായി തീരുന്നതിന്റെയും ആകാംക്ഷയോടുകൂടിയ ആഹ്ലാദങ്ങൾ! മാസത്തിലൊരിക്കൽ ബഹിരാകാശ സഞ്ചാരികളുടെ ഭാര്യമാരുടെ ക്ലബ്ബിൽ (അസ്ട്രേനോട്ട് വൈഫ്സ് ക്ലബ്ബ്) ചായസൽക്കാരത്തിനു കൂടുമായിരുന്നു. ഞങ്ങൾക്ക് വളരെ പൊതുവായി ലഭിച്ചിരുന്ന ചില നിമിഷങ്ങളായിരുന്നു അവ. ബഹിരാകാശ ഓഫീസിലെ മാത്സര്യഭാവങ്ങൾ നിമിത്തമായിരിക്കും ഞങ്ങൾക്ക് വളരെ ക്കാര്യങ്ങൾ പൊതുവായി ലഭിച്ചിരുന്നു. വ്യക്തിപരമായി രിക്കുവാനുള്ള ഞങ്ങളുടെ ഓരോരുത്തരുടെയും താത്പര്യം നിമിത്തം, ഞങ്ങൾക്ക് ആകേണ്ടതുപോലെ അടുത്തിടപഴകുവാൻ കഴിഞ്ഞില്ല. എന്റെ അടുത്ത സുഹൃത്തുക്കളിൽ മിക്കവരും നാസയിലെ എഞ്ചിനീയർമാരുടെയും കോൺട്രാക്ടർമാരുടെയും ഭാര്യമാരായിരുന്നു. അല്ലാതെ ബഹിരാകാശ സഞ്ചാരികളുടെ ഭാര്യമാർ അല്ലായിരുന്നു.

ഭർത്താക്കന്മാർ മറ്റുള്ള ഭാര്യമാരുടെ പിമ്പേ കറങ്ങി നടക്കുന്നതിനെപ്പറ്റി ചില കിംവദന്തികൾ കേട്ടിരുന്നു. എന്നാൽ അതിനെപ്പറ്റി ഞങ്ങൾ സംസാരിച്ചിരുന്നില്ല. വിവാഹമോചനം ഒരു ബഹിരാകാശ സഞ്ചാരിക്ക് പേടകത്തിൽ സഞ്ചരിക്കുവാനുള്ള അവസരത്തെ തടയുമെന്നറിയാമായിരുന്നു. അതുകൊണ്ട് ഗുണദോഷ വിവേചനങ്ങളെല്ലാം വിവേകപൂർവ്വം അടക്കി സൂക്ഷിച്ചിരുന്നു. തങ്ങളുടെ ഭർത്താക്കന്മാർ ഹീറോ ആയിരിക്കുന്നുവെന്നും അവർ പോകുന്നിടത്തൊക്കെയും കാണാൻ കൊള്ളാവുന്ന സ്ത്രീകൾക്ക് ഹരമായിരി ക്കുന്നുവെന്നുമുള്ള വിഷയങ്ങളെ മാന്യതയായി ഓരോ ഭാര്യമാർക്കും കൈകാര്യം ചെയ്യേണ്ടി വന്നു.

ബഹിരാകാശ പദ്ധതിയുമായി പൊരുത്തപ്പെടുവാൻ പ്രയാസമായി വന്നതുകൊണ്ട് ചാർളി തന്റെ തൊഴിലിൽ കൂടുതൽ ആഴമായി മുഴുകിയിരുന്നു. ഞാനും അവയുമായി ഇടപഴകുവാൻ ശ്രമിച്ചു. ഞങ്ങൾക്കത് പങ്കുവക്കുവാൻ കഴിഞ്ഞു. ഞങ്ങളുടെ രാഷ്ട്രത്തിന്റെ വീരേതിഹാസമായ ഒരു സാഹസിക

പ്രവർത്തനങ്ങളിൽ ഭാഗഭാക്കാവുന്നതിൽ എനിക്കു താത്പര്യമുണ്ടായിരുന്നു. മാത്രമല്ല, അങ്ങനെ ചെയ്യുന്നത് ഒരു ദേശസ്നേഹത്തിന്റെ ഭാഗം കൂടിയായിരുന്നു. അതുകൊണ്ട് ഞങ്ങളുടെ ദാമ്പത്യ ജീവിതത്തിന്റെ ക്രമപ്പെടുത്തലിന് കുറച്ചുകൂടി കാത്തിരിക്കേണ്ടതായി വന്നു. 1969-ൽ അപ്പോളോ 13-ന്റെ പിന്നണിയിലെ പ്രവർത്തക സംഘത്തിലേയ്ക്ക് ചാർളിയെ തെരഞ്ഞെടുത്തു. അതിനെത്തുടർന്ന് അപ്പോളോ 16-ലെ യാത്രികൻ എന്ന നിലയിലും പ്രഥമ പ്രവർത്തനത്തിലെ ഒരാൾ എന്ന നിലയിലുള്ള പരിശീലനവും ആരംഭിച്ചു. യുദ്ധസമയത്ത് മണവാട്ടിയായിത്തീർന്ന സ്ത്രീ, പട്ടാളക്കാരനായ ഭർത്താവ് യുദ്ധം കഴിഞ്ഞ് തിരികെ വരുന്നതുവരെ കാത്തിരിക്കുന്നതുപോലെ എന്നെക്കൊണ്ടു കഴിയുന്നതിലധികമായി, എന്റെ ശ്രദ്ധ അദ്ദേഹത്തിനു നല്കുവാൻ ഞാൻ താത്പര്യം ചെലുത്തിയിരുന്നു.

ഒരു ബഹിരാകാശ സഞ്ചാരിയുടെ ഭാര്യ എന്ന നിലയിൽ എന്റെ ഭർത്താവ് തന്റെ ദൗത്യം നന്നായി ചെയ്യുവാൻ കഴിയുന്ന വിധം എന്റെ ഭർത്താവിനെ അധികമായി കരുതണമെന്നുള്ളതായിരുന്നു എന്റെ ഉത്തരവാദിത്വം. ഭവനത്തിലെ സാധാരണയുള്ള ചിന്താഭാരങ്ങളാൽ അദ്ദേഹത്തിനെ ബുദ്ധിമുട്ടിക്കാതിരിക്കുവാൻ ഞാൻ പ്രത്യേകം ശ്രദ്ധിച്ചു. ഇങ്ങനെയുള്ളവരുടെ മിക്ക ഭാര്യമാരും വീട്ടുപരിസരത്തിലെ പുല്ലു വെട്ടി വൃത്തിയാക്കുവാനും വീട്ടിലെ ജീർണ്ണ വസ്തുക്കൾ ദൂരെ കൊണ്ടു കളയുവാനും നല്ല ഭവനാന്തരീക്ഷം നിലനിർത്തുവാനും കുട്ടികളെ അച്ചടക്കത്തിൽ വളർത്തുവാനും ഒറ്റയ്ക്ക് പരിശ്രമിക്കേണ്ടി വന്നു.

ബഹിരാകാശ യാത്രയ്ക്കുള്ള സമയമായപ്പോൾ ചാർളിയെ സംബന്ധിച്ച് ഞാൻ വളരെ ആകാംക്ഷാഭരിതയായിരുന്നു. അദ്ദേഹം വളരെയധികമായ കഠിന പ്രയത്നമാണ് ചെയ്തത്. ഇനിയിപ്പോൾ തന്റെ സമർപ്പണത്തിന്റെയും ആഗ്രഹത്തിന്റെയും നിവർത്തീകരണം കാണുവാൻ പോകുകയാണ്. സ്വാഭാവികമായ ചില ഭയാശങ്കകൾ എന്നിലുണ്ടായെങ്കിലും മുൻയാത്രാ പദ്ധതികളുടെ

വിജയത്തിനുള്ളിൽ അവയെല്ലാം യുക്തിപരമായ രീതിയിൽ അലിഞ്ഞില്ലാതെയായി. എന്തുകൊണ്ട് അദ്ദേഹത്തിന് കൂടി വിജയം കൈവരിച്ചുകൂടാ? കഴിഞ്ഞ പത്തു വർഷമായി വിവധ തരത്തിലുള്ള അനേകം വിമാനങ്ങളിൽ അദ്ദേഹം പറക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. ബഹിരാകാശ പ്രവർത്തനങ്ങളുമായി ഞാൻ അടുത്തിടപഴകിയിട്ടുണ്ട്. ഞങ്ങളുടെ ഭാഗത്തു താമസിക്കുന്ന എല്ലാവരും തന്നെ അതിന്റെ വിജയത്തിനായി പ്രവർത്തിച്ചിട്ടുണ്ട്. അവരുടെ ആത്മവിശ്വാസവും ചാർളിയുടെ ആത്മവിശ്വാസവും കൂടി ഒന്നായിത്തീർന്നപ്പോൾ എല്ലാം ശരിയായ രീതിയിൽ നീങ്ങുമെന്നത് എന്റെ ആത്മവിശ്വാസമായി മാറി. ബഹിരാകാശ കേന്ദ്രത്തിലെ എല്ലാവരും പോകുന്നവർക്ക് ആശംസയുടെ കരം നല്കുമെന്ന് എനിക്കറിയാമായിരുന്നു. അതുകൊണ്ട് ഈ യാത്രയ്ക്കുവേണ്ടി അദ്ദേഹത്തെ തെരഞ്ഞെടുത്തതിൽ എനിക്ക് അഭിമാനമുണ്ടായിരുന്നു.

വിക്ഷേപണത്തിനു പങ്കെടുക്കുവാൻ എത്തിയ സുഹൃത്തുക്കളെ പരിചരിക്കുക, കുട്ടികളെ ശ്രദ്ധിക്കുക, ഈ സന്ദർഭത്തിൽ ശരിയായി ക്രമപ്പെടാത്ത ഭവനാന്തരീക്ഷത്തെ തടസ്സം കൂടാതെ മുന്നോട്ടു നയിക്കുക, എന്നു തുടങ്ങിയ വിവിധ വിഷയങ്ങളെല്ലാം നന്നായി നീങ്ങുന്നതിനുള്ള മേൽനോട്ടം വഹിക്കുന്നത് എന്റെ ചുമതലയായിത്തീർന്നു. പത്രസമ്മേളനങ്ങളുണ്ട്; എന്നോടൊപ്പം ഹൂസ്റ്റണിൽ വന്നുചേർന്നിട്ടുള്ള എന്റെ കുടുംബാംഗങ്ങളുണ്ട്. അവരെയെല്ലാം ശ്രദ്ധിക്കണം; നിരന്തരപ്രവാഹം പോലെ ഞങ്ങളെ സന്ദർശിക്കുന്ന സുഹൃത്തുക്കളും പരിചിതരും അയൽവാസികളുമായവരെ സ്വീകരിക്കണം; അതുകൂടാതെ, അതീവശ്രദ്ധയോടും താൽപര്യത്തോടും വ്യഗ്രതയോടും അപ്പോളോ 16 എന്ന ബഹിരാകാശ സാഹസിക യത്നത്തിന്റെ നിമിഷങ്ങളെ അനുധാവനം ചെയ്യണം.

ഞാനും കുട്ടികളും കൂടി ചന്ദ്രികയാത്രയുടെ വിക്ഷേപണം കാണുവാൻ കേപ്പ് കെന്നഡിയിലേക്ക് യാത്രയായി.

ചാർളിയുടെ ചാന്ദ്രികപേടകം അതിന്റെ പാഡിൽ നിന്നും

ഉയർന്നുപൊങ്ങുന്നത് അടക്കിപ്പിടിച്ച ശ്വാസത്തോ ടെയാണ് ഞങ്ങൾ നോക്കിനിന്നത്. പിന്നീട് ആ സംരംഭത്തിന്റെ ഓർമ്മകളുമായി തിരികെ ഹൂസ്റ്റണിലെത്തി. കമാന്റ് മോഡ്യൂലിലെ ചില യന്ത്രത്തകരാറുമൂലം ആ ബഹിരാകാശപേടകം ചന്ദ്രന്റെ ഭ്രമണപഥത്തിൽ വച്ച് നിശ്ചലമായപ്പോൾ വീർപ്പുമുട്ടൽ അനുഭവപ്പെട്ട നിമിഷങ്ങളായി അവ മാറി. അപ്പോൾ പോലും അവരുടെ വ്യക്തിപരമായ സുരക്ഷിതത്വത്തെക്കാളും ചന്ദ്രനിൽ അവർ വിജയകരമായി ചെന്നിറങ്ങുകയില്ലയോ എന്നുള്ള ജിജ്ഞാസയായിരുന്നു എനിക്കുണ്ടായിരുന്നത്. മക്കളായ ചാൾസും ടോമും എന്നോടൊപ്പവും ഭവനത്തിലും ഒത്തുചേർന്നു നിന്നു. ഇതിന്റേതായ എല്ലാവിധ ബഹളങ്ങളാൽ അവരിരുവരും അത്ഭുതപരതന്ത്രരായിരുന്നു. ബന്ധുക്കളായ കുട്ടികളുടെ സന്ദർശനം അവർക്ക് വളരെ ആവേശകരമായിരുന്നു. എന്നാൽ മറ്റുള്ള ആളുകളും ബഹിരാകാശത്തിലുള്ള അവരുടെ ഡാഡിയും അവർക്ക് കൈകാര്യം ചെയ്യാൻ പ്രയാസമുള്ള കാര്യ ങ്ങളായിരുന്നു.

കുട്ടികളുടെ 'ഡാഡി' തിരിച്ചുവന്ന ദിവസം ഒരു 'വലിയ' ദിവസമായിരുന്നു. ഞങ്ങൾക്കെല്ലാവർക്കും അദ്ദേഹത്തെ ആലിംഗനം ചെയ്തും ചുംബിച്ചും സ്വീകരിക്കുവാൻ കഴിഞ്ഞു. ഇത്രമാത്രം സന്തോഷത്തോടും ഉത്സാഹത്തോടും ചാർളി കഴിയുന്നത് ഇതിനു മുമ്പ് ഞാൻ കണ്ടിട്ടില്ല. അദ്ദേഹം ഒന്നിനു പുറകേ മറ്റൊന്ന് എന്ന രീതിയിൽ ബഹിരാകാശ സാഹസയജ്ഞങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടിരുന്നു. അദ്ദേഹം വീണ്ടും പോകുവാൻ സന്നദ്ധനായിരുന്നു. എന്നാൽ ഞാൻ മറ്റു ചിലതിനുവേണ്ടിയുള്ള തയ്യാറെടുപ്പിലായിരുന്നു. "ഇനി ഇപ്പോൾ..." ഞാൻ ചിന്തിച്ചു, "ഞങ്ങളുടെ കുടുംബജീവിതം പഴയതുപോലെ ശാന്തമാകും. ഒരു ബഹിരാകാശ യാത്രയ്ക്കുള്ള തയ്യാറെടുപ്പിന്റെ ആവശ്യങ്ങൾ ഇല്ലെങ്കിൽ ഞങ്ങൾക്ക് പരസ്പരം ശ്രദ്ധിക്കുവാൻ കഴിയും."

തുടർന്നുള്ള കുറച്ചു മാസങ്ങൾ അമേരിക്കയിലുടനീളം അനുമോദനപൂർവ്വം ഔദ്യോഗികമായി ക്രമീകരിക്കപ്പെട്ട

സമ്മേളനങ്ങളിൽ പ്രസംഗിക്കുന്ന തിരക്കിലൂടെ ഞങ്ങൾ കടന്നു പോകുകയായിരുന്നു. വിജയകരമായി ചെയ്തുതീർത്ത ഒരു ദൗത്യത്തിനുള്ള അംഗീകാരവും പ്രശംസയും സ്വീകരിക്കുവാനും 'നാസ'യുടെ ഭാവികാല പദ്ധതികൾക്ക് സഹായമായ പരസ്യങ്ങൾ നല്കുവാനുമുള്ള സമയമായിരുന്നു ഇത്. ഞങ്ങൾക്കു ലഭിച്ച മനോഹരമായ സന്ദർഭങ്ങളായിരുന്നു അത്. എന്നാൽ ചാർളി തന്റെ പ്രസംഗത്തിൽ പറഞ്ഞ ഒരുകാര്യം എന്നെ മുറിപ്പെടുത്തി. "എന്റെ ജീവിതത്തിൽ ഉണ്ടാകാവുന്ന ഏറ്റവും വലിയ വിഷയമാണ് ചാന്ദ്രികയാത്രയിലൂടെ സംഭവിച്ചത്. അത് എന്റെ ജീവിതത്തിലെ ഏറ്റവും ഉന്നതമായ അനുഭവമായിരുന്നു." അദ്ദേഹത്തിന്റെ ജീവിതത്തിൽ സംഭവിച്ച ഏറ്റവും മഹത്തരമായ വിഷയം എന്നെ വിവാഹം കഴിച്ചതായിരിക്കണമെന്നായിരുന്നു ഞാൻ ആഗ്രഹിച്ചത്. ഞാൻ അതിനായി ഇനി പരിശ്രമിക്കേണ്ടിയിരിക്കുന്നു. വിഷയങ്ങൾ ഒരുപക്ഷേ, ഇപ്പോഴാകെ മാറിയിരിക്കാം.

എന്നാൽ സംഗതികൾക്ക് വ്യത്യാസമുണ്ടായിരുന്നില്ല. മുമ്പുണ്ടായിരുന്നതുപോലെ അപ്പോളോ 17-നു വേണ്ടിയും ചാർളി വളരെ കഠിനാദ്ധ്വാനങ്ങളിൽ മുഴുകുകയും ബഹിരാകാശ പേടകത്തിനുവേണ്ടി പ്രവർത്തിക്കുന്നതിന് തന്നെ പൂർണ്ണമായി സമർപ്പിക്കുകയും ചെയ്തു. അദ്ദേഹത്തിന് വീട്ടിൽ ചെലവിടുവാൻ കൂടുതൽ സമയം കിട്ടിയെങ്കിലും അത് കുട്ടികളെ പഠിപ്പിക്കുന്നതിനും, ഗോൾഫ് കളി, മീൻപിടുത്തം പോലെയുള്ള വിനോദങ്ങളിൽ ഏർപ്പെടുന്നതിനു വേണ്ടിയും ചെലവഴിച്ചു.

ഒരുദിവസം ചാർളി എന്നോടു പറഞ്ഞു. "നിന്റെ ആവശ്യങ്ങളാലും കുട്ടികളാലും ജോലികളാലും എനിക്ക് ചെയ്യേണ്ട വിഷയങ്ങളാലും ഞാൻ വലഞ്ഞിരിക്കുന്നു. നീ നിന്റെ ഭാഗത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുക്കണം. കുട്ടികൾ വളരെ ചെറുപ്പമായിരിക്കുന്നതു കൊണ്ടാണ് എന്റെ അടുത്തു വരുന്നത്. എന്നാൽ നീ പ്രായപൂർത്തിയായതല്ലേ? നീ കാര്യങ്ങൾ മനസ്സിലാക്കണം." അദ്ദേഹത്തിന്റെ ജീവിതത്തിലെ ഒന്നാമത്തെ മുൻഗണനയാകേണ്ട ഞാൻ, അതിനു പകരം ഇപ്പോൾ ഈർഷ്യ ഉളവാക്കുന്ന ഒരു ഭാഗമായി മാറിയിരിക്കുന്നു. അദ്ദേഹത്തിൽ